തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം

69 (1430)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്ത മാക്കുമോ;

(ബി) പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം തുക വിനിയോഗി ക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്തവർഷം അനുവദിച്ച പദ്ധതി തുകയിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപന ങ്ങൾക്ക് ഈ വിധം തുക കുറച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിച്ച സ്ഥാപനങ്ങൾക്ക് അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ വർദ്ധനവ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ൽ ചേർത്തിട്ടുണ്ട്.†

(ബി) 1999-2000 വർഷത്തിൽ ഏകദേശം 1005 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.

(സി) തീരുമാനിച്ചിട്ടില്ല.

പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം

70 (1431) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ ത്രിതല പഞ്ചായത്തു കൾക്കും നഗരപാലികാ സ്ഥാപനങ്ങൾക്കും വാർഷിക പദ്ധതിയിൽ എത്ര തുക വകയിരുത്തിയിരുന്നു;

(ബി) ഇതിൽ എത്ര തുക ഓരോ വർഷവും ചെലവായിട്ടുണ്ട്;

(സി) ഈ ഓരോ വർഷവും വാർഷിക പദ്ധതിയിൽ ലക്ഷ്യമിട്ടിരുന്ന ഫിസിക്കൽ ടാർജറ്റ് നേടിയിട്ടുണ്ടോ;

(ഡി) ഓരോ വർഷവും ഫിസിക്കൽ ടാർജറ്റ് എത്ര ശതമാനം കൈവ രിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) 1999-2000-വർഷത്തെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക എത്രയായിരുന്നു;

(എഫ്)ഇതിൽ 1999 ഡിസംബർ 31 വരെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ എത്ര ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

---

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-IV

3/3/2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 69 (1430) ദയവായി കാണുക

പൊതുവിഭാഗത്തിലുള്ള പദ്ധതി ഈ വിഭജനത്തിന്റെ മാനദണ്ഡങ്ങൾ താഴെ പറയുന്നവയാണ്

(G.O.(MS)13/98/Plg dt, 15-4-1998)

സൂചനകൾ	വെയിറ്റേജ് (ശതമാനത്തിൽ)			
	ഗ്രാമ പഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും
(1)	(2)	(3)	(4)	(5)
1. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ കൂടാതെയുള്ള ജനസംഖ്യ	65	65	55	75
2. വനപ്രദേശങ്ങളൊഴികെയുള്ള ഭൂപ്രദേശം	5	10	15	5
3. നെൽകൃഷി പ്രദേശത്തിന്റെ വിസ്തൃതി	1	-	-	-
4. പഞ്ചായത്തിന്റെ തനത് വരുമാനം	10	-	-	-
5. കർഷക തൊഴിലാളികൾ, കന്നുകാലിവളർത്തൽ, മത്സ്യബന്ധനം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ, നാമമാത്ര തൊഴിലാളികൾ എന്നിവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള സൂചിക	15	25	20	-
6. കക്കൂസ് ഇല്ലാത്ത വീടുകൾ, വൈദ്യുതി ഇല്ലാത്ത വീടുകൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള പിന്നോക്കാവസ്ഥ സൂചിക			10	20
ആകെ	100	100	100	100

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കായുള്ള വിഹിതം അവരുടെ ജനസംഖ്യാനുപാതികമായിട്ടാണ് നിർണ്ണയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly